പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1463 — 06.03.2020-ൽ മറുപടിക്ക്

## ജലവിതരണ ടാങ്കറുകൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കുടിവെള്ളത്തിനും മറ്റ് വ്യാവസായിക നിർമ്മാണ ആവശ്യത്തിനുമായി ജലവിതരണം നടത്തുന്ന ടാങ്കറുകൾ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന തിരുവനന്തപുരം കോർപ്പറേഷൻ കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത ടാങ്കറുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷന് എന്തെങ്കിലും സംവിധാനമുണ്ടോ; | ബി) | സാമ്പിൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത ലൈസൻസ് എടുക്കാത്ത വാഹനങ്ങൾക്ക് പിഴ ചുമത്തുവാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ? | സി) | നഗരസഭാ കൗൺസിൽ പാസ്സാക്കിയ ബൈലോയിലെ 7(12), 7(13) ഖണ്ഡികകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വ്യവസ്ഥയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതോടൊപ്പം ലൈസൻസ് വ്യവസ്ഥ ലംഘനത്തിന് 10000/- രൂപ പിഴയായി നിശ്ചയിക്കുന്നു.<br>2. ലൈസൻസില്ലാത്ത ജലശേഖരണ വാഹനം നഗരസഭാ പരിധിക്കുള്ളിൽ ജലം ശേഖരിക്കുകയോ വിതരണം ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ടി വാഹനം പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിക്കുകയും കുറഞ്ഞത് 25000/- രൂപ മുതൽ പരമാവധി 50000/- രൂപ വരെ പിഴ ഈടാക്കുകയും ചെയ്യും. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ